(ഇ) റാന്നി താലൂക്കിലെ ചൂരക്കുഴി, അത്തിക്കയം, തെക്കേത്തൊടി പ്രദേശങ്ങളിലെ കൈവശ കർഷകർക്ക് പട്ടയംലഭിക്കുന്ന നടപടി ഏതു ഘട്ടംവരെയായി ; രണ്ടിടത്തും എത്ര അപേക്ഷകർ വീതമുണ്ടെന്ന് കണക്ക് നൽകാമോ ; ഈ പ്രദേശങ്ങളിലെ പട്ടയം വൈകിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ; തടസ്സങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി 1445 അപേക്ഷകളും വനഭൂമി പട്ടയത്തിനായി 2435 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇതിലേക്ക് ആവശ്യമായ ഭൂമിയുടെ വിവരം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) റാന്നി-മുല്ലപ്പള്ളി താലൂക്കുകളിൽ 1-1-1977-ന് മുമ്പുള്ള വനഭൂമി കൈയേറ്റമാണ്. കോന്നി താലൂക്കിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ അപേക്ഷകളുടെ സ്കെച്ച് തയ്യാറാക്കി തുടർ നടപടികൾ നടന്നുവരുന്നു.

(സി) പത്തനംതിട്ട ജില്ലയിൽ ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, മൈലാടുംപാറ, കലഞ്ഞൂർ, പെരുമ്പെട്ടി, അത്തിക്കയം, വടശ്ശേരിക്കര, കൊല്ലമുള, പെരുനാട് എന്നീ വില്ലേജുകളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുള്ളതാണ്.

(ഡി) അരുവാപ്പുലം, അങ്ങാടി, റാന്നി, ചേത്തയ്ക്കൽ, അയിരൂർ, പെരുമ്പെട്ടി, പഴവങ്ങാടി എന്നീ വില്ലേജുകളിൽ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടില്ല.

(ഇ) ചൂരക്കുഴി പ്രദേശത്തുള്ള 224 കൈവശങ്ങൾ ചട്ടങ്ങൾക്ക് വിധേയമായി തറവില, തടിവില എന്നിവ ഒഴിവാക്കി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത്തിക്കയം, മാടത്തമൺ, തെക്കേത്തൊടി എന്നീ പ്രദേശങ്ങളിൽ 32 ഹെക്ടർ സ്ഥലത്ത് 17 കുടുംബങ്ങൾ കൈവശക്കാരായി ഉണ്ട്. 1-1-1977-ന് മുമ്പുള്ള കൈവശക്കാരുടെ ലിസ്റ്റിൽ പ്രസ്തുത ഭൂമി ഉൾപ്പെട്ടിട്ടുണ്ട്. വനഭൂമിയായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

ഭൂരഹിതർക്ക് നൽകാനായി മാവേലിക്കരയിൽ ഏറ്റെടുത്ത ഭൂമി

181 (7130) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി മാവേലിക്കര മണ്ഡലത്തിൽ ഏറ്റെടുത്ത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മാവേലിക്കര നിയമസഭാ നിയോജക മണ്ഡലത്തിലെ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 65-ൽ റീസർവ്വെ നമ്പർ 107-ൽപ്പെട്ട 81 ചതുരശ്ര മീറ്റർ സ്ഥലം ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്.

(ബി) മാവേലിക്കര നിയമസഭാ നിയോജക മണ്ഡലത്തിലെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്നതും ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതുമായ ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വില്ലേജ്	ബ്ലോക്ക് നമ്പർ	റീസർവ്വെ നമ്പർ	വിസ്തീർണ്ണം (ആർ)
ചുനക്കര	8	264/12	68.69
ചുനക്കര	8	284/10	72.00

ചടയമംഗലം മുല്ലപ്പന്തൽ എസ്റ്റേറ്റ് വിതരണം

162 (7131) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ചടയമംഗലം ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിന് ഏറ്റെടുത്തശേഷം വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ ഭൂമി ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം വില്ലേജിൽ ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഉൾപ്പെട്ടുവരുന്ന സർവ്വെ നമ്പർ 289/2-ൽപ്പെട്ട 3.64 ഏക്കർ ഭൂമി സർവ്വെ ചെയ്ത് പ്ലോട്ടുകളാക്കി തിരിച്ച് വിതരണത്തിന് സജ്ജമാക്കിയിരുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമിയിലെ അനധികൃത കൈവശക്കാർ ബഹു. കേരള ഹൈക്കോടതിയിൽ 4944/2014, 7865/2014, 7895/2014 എന്നീ നമ്പർ സിവിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും ഇവയിൽ യഥാക്രമം 19-2-2014, 19-3-2014 തീയതികളിൽ ബഹു. കേരള ഹൈക്കോടതി പ്രസ്തുത കക്ഷികളെ ഒഴിപ്പിക്കുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയുമാണ്.

(ബി) ബഹു. കേരള ഹൈക്കോടതി പ്രസ്തുത റിട്ട് ഹർജികൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമെ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.